9 (*424) ഹൗസിംഗ് സഹകരണസംഘങ്ങളുടെ പ്രവർത്തനം

ശ്രീ. സി.കെ. രാജേന്ദ്രൻ :

ശ്രീ. എ. കണാരൻ :

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹൗസിംഗ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന എല്ലാ പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾക്കും ഹൗസിംഗ് ഫെഡറേഷന്റെ അഫിലിയേഷൻ ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഹൗസിംഗ് ഫെഡറേഷന്റെ അഫിലിയേഷൻ ഇല്ലാത്ത പ്രാഥമിക ഹൗസിംഗ് സഹകരണസംഘങ്ങളുടെ പ്രവർത്തനം സഹകരണ തത്വങ്ങൾക്ക് നിരക്കാത്തതാണോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് അഫിലിയേഷൻ ഇല്ലാതെ പ്രവർത്തിച്ചു വരുന്ന എല്ലാ പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളുടെയും പ്രവർത്തനം സുഗമമാക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) എല്ലാ പ്രാഥമിക ഹൗസിംഗ് സഹകരണസംഘങ്ങൾക്കും അഫിലിയേഷൻ ഇല്ല.

(സി)&(ഡി) പ്രാഥമിക ഹൗസിംഗ് സംഘങ്ങളുടെ പ്രവർത്തനം സഹകരണ നിയമത്തിനും സഹകരണ തത്വങ്ങൾക്കും അനുസൃതമായി തന്നെയാണ് നടക്കുന്നത്. ഇവയ്ക്ക് ഫലപ്രദമായി പ്രവർത്തിക്കണമെങ്കിൽ അവയുടെ തന്നെ അപ്പെക്സ് ഫെഡറേഷനിൽ അഫിലിയേഷൻ ലഭിക്കണം.

(ഇ)&(എഫ്) പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളുടെ ഫൈനാൻസിംഗ് സ്ഥാപനമായ ഹൗസിംഗ് ഫെഡറേഷനാണ് ഇക്കാര്യത്തെ സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത്.

10 (*425) മൈത്രി പാർപ്പിട പദ്ധതി

ശ്രീ. പി. രാഘവൻ :

ശ്രീ. വി.കെ. ചന്ദ്രൻ :

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :

ശ്രീ. സി.പി. ബാലൻ വൈദ്യർ :

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈത്രീ പാർപ്പിട പദ്ധതിയുടെ ഇപ്പോഴത്തെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly